# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

പട്ടികജാതിക്ഷേമപദ്ധതികൾ

2790 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നുവർഷമായി പട്ടികജാതിക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര; ഇതുവരെ ചെലവഴിച്ച തുക എത്ര; ഓരോ പദ്ധതിയുടെയും സ്ഥിതി, പുരോഗതി എന്നിവ ജില്ലാടിസ്ഥാനത്തിൽ വിശദമായി വ്യക്തമാക്കുമോ;

(ബി) പട്ടികജാതിക്ഷേമത്തിനായി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാം?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>'സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമങ്ങൾ'-പദ്ധതിക്കു വകയിരുത്തിയ തുക</u>

2791 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമങ്ങൾ' എന്ന പദ്ധതിക്ക് 2012-13 വർഷം എത്ര തുക ബഡ്ജറ്റിൽ വകയിരുത്തി; അതിൽ എത്ര തുക ഏജൻസികൾക്കു നൽകി;

(ബി) ഇതിനായി പൂൾഡ് ഫണ്ട്, കോർപ്പസ് ഫണ്ട് എന്നിവയിൽ ഏതിൽനിന്നാണു തുക നീക്കിവെച്ചത്; നീക്കിവെച്ച തുക ഏജൻസികൾക്കു നൽകാതെ ഏതെങ്കിലും പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ, അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി 2013-14 വർഷത്തിൽ എത്ര ലക്ഷം രൂപ ഏതു ഫണ്ടിൽനിന്ന് അനുവദിച്ചുവെന്നു വ്യക്തമാക്കുമോ; ഓരോ ഏജൻസിക്കും എത്ര ലക്ഷം രൂപ വീതം അനുവദിച്ചു?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

<u>സ്വയം പര്യാപ്തഗ്രാമം പദ്ധതി - വികസന പ്രവർത്തനങ്ങൾ</u>

2792 ശ്രീ.വി. ശശി.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി സങ്കേതങ്ങളുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ എം.എൽ.എ.മാർ നിർദ്ദേശിച്ച ഏജൻസികൾ ഏതെല്ലാമാണ്; ഓരോ ഏജൻസിക്കും അനുവദിച്ച സങ്കേതങ്ങളുടെ എണ്ണവും അനുവദിച്ച തുകയും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സമഗ്ര വികസനം ലക്ഷ്യമാക്കി സങ്കേതങ്ങളിൽ ഏറ്റെടുക്കാൻ അനുവാദം നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഏജൻസികൾക്ക് ആവശ്യമായ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരും പ്രവർത്തി പരിചയവും ഉണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ ഏജൻസികളുടെയും വിലയിരുത്തലുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഏജൻസികൾക്ക് അനുവദിക്കുന്ന തുക ചെലവഴിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;അത് പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

<u>സ്വയംപര്യാപ്ത പട്ടികജാതി സങ്കേതം</u>

2793 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(ബി) സ്വയംപര്യാപ്ത പട്ടികജാതി സങ്കേതം എന്ന പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതി സങ്കേതങ്ങളിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത്;

(സി) റാന്നി നിയോജകമണ്ഡലത്തിൽ ഇതിനായി തെരഞ്ഞെടുത്ത കോളനികൾ ഏതൊക്കെയാണ്;

(ഡി) ഓരോ കോളനികളിലും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ഇ) കോളനികളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ആർക്കാണ് നൽകിയിട്ടുള്ളത്?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ സ്വയംപര്യാപ്തഗ്രാമം പദ്ധതി

2794 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ ഞായലിൽ കോളനിയിൽ സ്വയംപര്യാപ്തഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നടന്നുവരുന്ന നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നു വിശദമാക്കുമോ;

(ബി) നിർമ്മാണപ്രവർത്തനം എന്നത്തേയ്ക്കു പൂർത്തിയാക്കാനാണു തീരുമാനിച്ചിട്ടുള്ളത്;

(സി) ആകെ എന്തു തുകയുടെ നിർമ്മാണപ്രവർത്തനങ്ങളാണ് ഞായലിൽ കോളനിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) കരാറുകാരന് ഇതുവരെ എന്തു തുക കൈമാറിയിട്ടുണ്ടെന്നും, ഇനി ഏതെല്ലാം പണികളാണ് അവശേഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പൂതുപ്പറമ്പ് കോളനിയിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി</u>

2795 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കൊടുവായൂരിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂതുപ്പറമ്പ് കോളനിയിൽ നടത്തുന്ന വികസന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പൂതുപ്പറമ്പ് കോളനിയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുളളതെന്നും, പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

<u>അംബേദ്കർ ഭവൻ</u>

2796 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഭവന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പട്ടികജാതിക്കാരുടെ ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് ഇവിടെ ഒരുക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

<u>പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണ സഹായം</u>

2797 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം പട്ടികജാതി കുടുംബങ്ങൾ എത്ര; അംഗങ്ങൾ എത്ര; ഇതിൽ ഭവന രഹിതർ എത്ര;

(ബി) നിലവിലുള്ള സ്കീം പ്രകാരം വീട് വെയ്ക്കുന്നതിനും ഭൂമി നല്കുന്നതിനും നല്കിവരുന്ന സഹായം എത്ര; തുക വർദ്ധിപ്പിച്ചതിന് ശേഷം നാളിതുവരെ എത്ര പേർക്ക് വീട് വെയ്ക്കാനും എത്ര പേർക്ക് ഭൂമി വാങ്ങാനും പണം അനുവദിക്കുകയുണ്ടായി;

(സി) സഹായ തുക വർദ്ധിപ്പിച്ചതനുസരിച്ച് ബഡ്ജറ്റ് പ്രൊവിഷൻ വർദ്ധിപ്പിച്ചിട്ടുണ്ടോ; 2013 - 14 ൽ എത്ര പേർക്ക് വീട് വെയ്ക്കാനും ഭൂമി വാങ്ങാനും സഹായം നല്കാനുമുള്ള പണം ബഡ്ജറ്റിൽ വകയിരുത്തപ്പെട്ടിട്ടുണ്ട്; അത് ഓരോന്നും എത്ര പേർക്ക് നൽകുകയുണ്ടായി; ഇതിനായി അപേക്ഷിച്ചവർ എത്ര വീതമായിരുന്നു?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>വ്യക്തിഗത സ്വയം തൊഴിൽ സഹായപദ്ധതി</u>

2798 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർക്ക് വ്യക്തിഗത സ്വയം തൊഴിൽ സഹായപദ്ധതി പ്രകാരം നൽകുന്ന സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) വായ്പാസംബന്ധമായി അനുവദിക്കാവുന്ന ഇളവുകൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) വായ്പാ കുടിശ്ശികക്ക് മേൽ നല്കി വരുന്ന പരമാവധി ഇളവുകൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

പട്ടികജാതിക്ഷേമവകുപ്പ് മുഖേന വയനാട് ജില്ലയിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ

2799 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി ക്ഷേമവകുപ്പ് മുഖേന വയനാട് ജില്ലയിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) നടപ്പ് വർഷം പ്രസ്തുത വകുപ്പുമുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ ഇനം തിരിച്ച് വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ഭരണിക്കാവ്, മുതുകുളം ബ്ലോക്കിൽ പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യവികസനം</u>

2800 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ള തെന്ന് വിശദമാക്കുമോ;

(ബി) കായംകുളം മണ്ഡലത്തിൽ ഭരണിക്കാവ്, മുതുകുളം ബ്ലോക്കുകളിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) 2011-12, 2012-13-ൽ ടി ബ്ലോക്കുകളിൽ അനുവദിച്ചി ട്ടുള്ള വ്യക്തിഗത ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്

2801 ശ്രീ. വി. പി. സജീന്ദ്രൻ
'' ഐ. സി. ബാലകൃഷ്ണൻ
'' കെ. മുരളീധരൻ
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകളിൽ മെറിറ്റിൽ പ്രവേശനം നേടി പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിന് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രത്യേക സ്കോളർഷിപ്പ്

2802

ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, സണ്ണി ജോസഫ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പുതുതായി ഏർപ്പെടുത്തിയ പ്രത്യേക സ്കോളർഷിപ്പ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിന് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

പട്ടികജാതി വികസന വകുപ്പിനു കീഴിൽ സിവിൽ സർവ്വീസ് പരീക്ഷ പരിശീലനകേന്ദ്രം

2803 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, വർക്കല കഹാർ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനകേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിന് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

പട്ടികജാതി വിദ്യാർത്ഥികൾക്ക് എൻജിനീയറിംഗ് -മെഡിക്കൽ പ്രവേശനപ്പരീക്ഷാ പരിശീലനം

2804 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് എൻജിനീയറിംഗ് -മെഡിക്കൽ പ്രവേശനപ്പരീക്ഷാ പരിശീലനത്തിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ; ഇതിനായി വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനങ്ങൾകേന്ദ്രീകരിച്ച് പരിശീലനം സംഘടിപ്പിക്കുന്നതിന് തയ്യാറാകുമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് നിലവിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിവരുന്നത്?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പട്ടികജാതി ഹോസ്റ്റലുകളുടെ നവീകരണം</u>

2805 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളിലെ ദുരിതപൂർണ്ണ ജീവിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 'റൈറ്റ്സ്' എന്ന സംഘടനയുടെ പഠന റിപ്പോർട്ട് സർക്കാരിന് കൈമാറിയിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ മെസ് അലവൻസ് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയായാണ് വർദ്ധിപ്പിച്ചത്;

(ഡി) 'റൈറ്റ്സ്'ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ എസ്. സി/എസ്.ടി വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ</u>

2806 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവേശനപ്പരീക്ഷാ കമ്മീഷണർ ശുപാർശ ചെയ്ത പട്ടികയിൽ നിന്ന് സ്വാശ്രയ പ്രൊഫഷണൽ കോളജുകളിൽ പ്രവേശനം നേടുന്ന എസ്. സി/എസ്. ടി വിഭാഗത്തിലെ കുട്ടികൾക്ക് ഇതേ രീതിയിൽ മറ്റ് കോളജുകളിൽ പ്രവേശനം നേടുന്നവർക്ക് ലഭിക്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ;

(സി) പ്രവേശനപ്പരീക്ഷാ കമ്മീഷണർ ശുപാർശ ചെയ്തു പ്രവേശനം നേടുന്ന എല്ലാ എസ്. സി/എസ്.ടി വിഭാഗം കുട്ടികൾക്കും ഒരു പോലെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

<u>പാലക്കാട് ജില്ലയിലെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റും, ലംപ്സംഗ്രാന്റും</u>

2807 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റും, ലംപ്സം ഗ്രാന്റും യഥാസമയം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യഥാസമയം സ്റ്റൈപ്പന്റും, ലംപ്സംഗ്രാന്റും ലഭിക്കാത്തതു കാരണം എത്ര വിദ്യാർത്ഥികളാണ് പഠനം നിർത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) പാരലൽ കോളേജ് വിദ്യാർത്ഥികളുടെ എത്ര വർഷത്തെ ഗ്രാന്റാണ് അനുവദിക്കുവാനുള്ളത്. വിശദാംശം നൽകുമോ;

(ഡി) ഇത്തരത്തിലുള്ള ഗ്രാന്റുകൾ യഥാസമയം വിതരണം നടത്താൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

മൂന്നാർ, മറയൂർ എന്നിവിടങ്ങളിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ

2808 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാർ, മറയൂർ എന്നിവിടങ്ങളിൽ പെൺകുട്ടികൾക്കും, ആൺകുട്ടികൾക്കും വേണ്ടി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

പട്ടികജാതി വിഭാഗക്കാരുടെ വായ്പാ കുടിശ്ശിക ഏറ്റെടുക്കുന്ന നടപടി

2809

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പാ കുടിശ്ശിക ഏറ്റെടുക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റ് എത്ര രൂപയാണ് അനുവദിച്ചിരുന്നത്; അതിൽ എത്ര രൂപ ചെലവഴിച്ചു;

(ബി) ഈ ഗവൺമെന്റ് പ്രസ്തുത വായ്പാ കുടിശ്ശിക ഏറ്റെടുക്കുന്നതിന്റെ പരിധി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയായാണ് വർദ്ധിപ്പിച്ചത്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; ഇതിനായി എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളത്; എത്ര പേർക്ക് ഈ ആനുകൂല്യം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) വായ്പാ കുടിശ്ശിക ഏറ്റെടുക്കുന്നതിന്റെ പരിധി ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) 2006 മാർച്ച് 31 ന് ശേഷം തിരിച്ചടവ് കാലാവധി കഴിഞ്ഞവരെയും ഈ ആനുകൂല്യത്തിന് പരിഗണിക്കുമോ;

(ഇ) ഈ പദ്ധതി നടപ്പാക്കുന്നതിന് ഏത് സ്ഥാപനത്തെയാണ് നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പട്ടികജാതി ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ ധനസഹായം</u>

2810 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാധനസഹായം അനുവദിച്ചിട്ടും തുക വിതരണം ചെയ്യുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അനുവദിച്ചിട്ടുള്ള തുക കാലതാമസമില്ലാതെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ പട്ടികജാതി വിഭാഗക്കാർക്ക് ചികിത്സാസഹായം</u>

2811 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം കാസർഗോഡ് ജില്ലയിൽ പട്ടികജാതി വിഭാഗക്കാർക്ക് എത്ര കോടി രൂപയുടെ ചികിത്സാസഹായം അനുവദിച്ചിട്ടുണ്ടെന്നും, എത്രപേർക്ക് ചികിത്സാസഹായം ലഭിച്ചിട്ടുണ്ടെന്നുമുള്ള വിവരം മണ്ഡലം തിരിച്ചു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പട്ടികജാതി ജനവിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ</u>

2812 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ജനവിഭാഗങ്ങൾക്കെതിരായുള്ള അതിക്രമങ്ങൾ തടയുന്നതിന് നിലവിലുള്ള നിയമങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ;

(ബി) ഈ നിയമങ്ങൾ പാലിക്കപ്പെടുന്നുവെന്നുറപ്പുവരുത്തുവാനും അവ നടപ്പിലാക്കുന്നത് നിരീക്ഷിക്കുവാനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാന-ജില്ലാ തലത്തിൽ രൂപീകരിച്ചിട്ടുള്ള മോണിട്ടറിംഗ് കമ്മിറ്റികൾ ഇതുവരെ എത്ര തവണ യോഗം ചേർന്നിട്ടുണ്ടെന്നറിയിക്കാമോ;

(ഡി) സംസ്ഥാനതല മോണിട്ടറിംഗ് കമ്മിറ്റി ഈ വിഷയത്തെ സംബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം</u>

2813 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകിവരുന്നുണ്ടോ; എങ്കിൽ ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെന്ന് വിശദമാക്കുമോ;

(ബി) 2013 നവംബർ 30 വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇവയിൽ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്;

(സി) വിവാഹധനസഹായം യഥാസമയം അനുവദിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അർഹതപ്പെട്ടവർക്ക് യഥാസമയം സഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

പട്ടികജാതി വിഭാഗക്കാരുടെ ലിസ്റ്റു വിപുലീകരണം

2814 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ജനുവരിയിൽ സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാരുടെ ലിസ്റ്റിൽ ആകെ എത്ര വിഭാഗങ്ങൾ ഉൾപ്പെട്ടിരുന്നുവെന്നും ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) 2011 ജൂൺ മാസത്തിനുശേഷം നാളിതുവരെയായി ഏതെങ്കിലും പുതിയ വിഭാഗങ്ങളെ പട്ടിക ജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ ലിസ്റ്റിൽ നിന്നും ഏതെങ്കിലും വിഭാഗത്തെ ഒഴിവാക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) ഏതെങ്കിലും വിഭാഗങ്ങളെ പുതുതായി പട്ടിക ജാതി ലിസ്റ്റിൽ ഉൾപ്പെടുത്താമെന്നു പ്രഖ്യാപിക്കുകയോ ഉറപ്പ് നൽകുകയോ ചെയ്തിട്ടുണ്ടോ;

(ഡി) ഏതെല്ലാം വിഭാഗങ്ങൾക്കാണ് ഉറപ്പ് നൽകിയിട്ടുള്ളത്;

(ഇ) ഈ വിഭാഗങ്ങളെ പട്ടിക ജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കാമോ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

പിന്നോക്കവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ

2815 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്കവികസന വകുപ്പിന് 2013-14 സാമ്പത്തിക വർഷത്തിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള വിവിധക്ഷേമ പ്രവർത്തനങ്ങൾക്കായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) എത്ര രൂപ ഇതുവരെ ചെലവഴിച്ചു; ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് ചെലവഴിച്ചത്;

(സി) വകുപ്പിന് എത്ര തസ്തികകളും എത്ര ഓഫീസുകളുമാണ് അനുവദിച്ചിട്ടുള്ളത്; ഏതെല്ലാമാണവ;

(ഡി) അനുവദിച്ച തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ സ്ഥിര നിയമനം, ഡെപ്യൂട്ടേഷൻ, താൽക്കാലിക നിയമനം ഇവ തിരിച്ച് വ്യക്തമാക്കുമോ;

(ഇ) പട്ടികജാതി ക്ഷേമ വകുപ്പ് ഉൾപ്പെടെ മറ്റ് ഏതെങ്കിലും വകുപ്പിൽ നിന്ന് ജീവനക്കാരെ പുനർവിന്യസിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; അനുവദിച്ച എല്ലാ ഓഫീസുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ജി) പുതിയ സാമ്പത്തിക വർഷത്തിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പിന്നോക്ക വിഭാഗ നിയമ ബിരുദധാരികൾക്കുള്ള ധനസഹായം</u>

2816

ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗത്തിലെ നിയമബിരുദധാരികൾക്ക് ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി വഴി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പ്രൊഫഷണൽ കോഴ്സുകളിൽ സംവരണാനുകൂല്യത്തിനുള്ള വരുമാന പരിധി</u>

T.2817 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകളിൽ പിന്നോക്ക വിഭാഗക്കാരായ കുട്ടികൾക്ക് സംവരണാനുകൂല്യത്തിനായുള്ള വരുമാനപരിധി ആറ് ലക്ഷമാക്കി ഉയർത്തുന്നതിന് മന്ത്രിസഭാ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ;

(സി) ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ക്രീമിലെയർ പരിധി ഉയർത്തിക്കൊണ്ടുള്ള തീരുമാനം

T.2818 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രീമിലെയർ പരിധി ഉയർത്തിക്കൊണ്ടുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ എന്നാണ് തീരുമാനം കൈക്കൊണ്ടത് ; പരിധി ഉയർത്തിയതു സംബന്ധിച്ച വിശദ വിവരം നല്കാമോ ;

(ബി) ഇതു സംബന്ധിച്ച ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചത് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പിന്നോക്ക സമുദായക്കാർക്കുള്ള വിദ്യാഭ്യാസ സംവരണം</u>

T.2819 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായക്കാർക്ക് വിദ്യാഭ്യാസത്തിനായി നിലവിലുള്ള സംവരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗക്കാർക്കുള്ള വിദ്യാഭ്യാസ സംവരണം സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ അവർക്ക് സംവരണം ലഭിക്കുന്ന കോഴ്സുകളുടെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ സംവരണം ലഭിക്കുന്ന കോഴ്സുകളുടെ വിശദാംശം വ്യക്തമാക്കുമോ.

(ഇ) ഉന്നതവിദ്യാഭ്യാസ മേഖലയിലെ സ്വാശ്രയ, സ്വയംഭരണ, എയ്ഡഡ് സ്ഥാപനങ്ങളിൽ ലഭിക്കുന്ന സംവരണത്തിന്റെ വിശദാംശം വ്യക്തമാക്കുമോ:

(എഫ്) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സ്വാശ്രയ, സ്വയംഭരണ, എയ്ഡഡ് സ്ഥാപനങ്ങളിൽ ലഭിക്കുന്ന സംവരണത്തിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം</u>

2820 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായത്തിലെ ഉദ്യോഗാർത്ഥികൾക്ക്, മൽസരപ്പരീക്ഷയുടെ തയ്യാറെടുപ്പിനായി ധനസഹായം അനുവദിക്കുന്നതിന് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം നിലവിലുണ്ടോ; എങ്കിൽ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുക;

(ബി) ധനസഹായത്തിന് അർഹതയുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഇവർക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>നിതാഖത് നിയമം മൂലം തൊഴിൽ നഷ്ടപ്പെട്ടവർക്കു വേണ്ടിയുള്ള പ്രത്യേക സ്വയം തൊഴിൽ പദ്ധതി</u>

T.2821 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, എ. റ്റി. ജോർജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗദി സർക്കാരിന്റെ നിതാഖത് നിയമം മൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങി വരുന്ന പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി സംസ്ഥാന പിന്നാക്ക വിഭാഗ വികസന കമ്മീഷൻ പ്രത്യേക സ്വയം തൊഴിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) ഏതെല്ലാം മേഖലയിൽ ആരംഭിക്കുന്ന സ്വയം തൊഴിലുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതിയിലൂടെ സംരംഭകർക്ക് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>സ്ത്രീപീഡന പരാതി പരിഹാര സെൽ</u>

2822 ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഹെഡ് ഓഫീസിലും ജില്ലാ ഓഫീസുകളിലും ജോലി ചെയ്യുന്ന സ്ത്രീ ജീവനക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് സ്ത്രീ പീഡന പരാതി പരിഹാര സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പരാതി പരിഹാര സെൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഹെഡ് ഓഫീസിലും ജില്ലാ ഓഫീസുകളിലും ജോലി ചെയ്യുന്ന സ്ത്രീ ജീവനക്കാർക്കെതിരെയുള്ള അതിക്രമം സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ചവളക്കാരൻ സമുദായത്തിന് സംവരണം</u>

2823 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

'ചവളക്കാരൻ സമുദായത്തിന്' നിയമനങ്ങളിൽ ഒരു ശതമാനം സംവരണം 10 വർഷത്തേയ്ക്ക് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീരാമവിലാസം ചവളർ സൊസൈറ്റി സർക്കാരിന് സമർപ്പിച്ച നിവേദനത്തിന്റെയും പ്രസ്തുത സമുദായത്തിന്റെ അവകാശ പത്രികയുടെയും അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

<u>വിദേശ വിനോദ സഞ്ചാരികളുടെ കണക്ക്</u>

2824 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശ വിനോദ സഞ്ചാരികളുടെ വരവ് കുത്തനെ കുറയുന്നതായുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സർക്കാർ അത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(സി) 2011,2012,2013 വർഷങ്ങളിലെ ടൂറിസം സീസണുകളിൽ സംസ്ഥാനത്തെത്തിയ വിദേശസഞ്ചാരികളുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) 2008,2009,2010 വർഷങ്ങളിൽ സംസ്ഥാനത്തെത്തിയ വിദേശസഞ്ചാരികളുടെ എണ്ണം എത്രയാണെന്നു വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

<u>വിദേശ രാജ്യങ്ങളിലെ റോഡ്ഷോ/ വർക്ക് ഷോപ്പ്</u>

2825 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം കേരള ടൂറിസം ഏതെല്ലാം വിദേശ രാജ്യങ്ങളിൽ റോഡ്ഷോ/ വർക്ക് ഷോപ്പ് നടത്തുകയുണ്ടായി; രാജ്യം, സ്ഥലം എന്നിവ വ്യക്തമാക്കമോ;

(ബി) ഇതിനു വേണ്ടി എന്തു തുക ചെലവായിട്ടുണ്ട്;

(സി) 2013-14 സാമ്പത്തിക വർഷത്തിൽ കേരള ടൂറിസം ഏതെല്ലാം വിദേശ രാജ്യങ്ങളിലുള്ള ഫെയറുകളിൽ പങ്കെടുക്കുകയുണ്ടായി; അതിനായി ചെലവഴിക്കപ്പെട്ട മൊത്തം തുക എത്ര;

(ഡി) വിവിധ രാജ്യങ്ങളിൽ റോഡ്ഷോ/ വർക്ക് ഷോപ്പ്/ഫെയർ എന്നിവയിൽ കേരള ടൂറിസത്തെ പ്രതിനിധീകരിച്ച് ഏതൊക്കെ ഉദ്യോഗസ്ഥരാണ് പങ്കെടുത്തിട്ടുള്ളത്; ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, ഓരോരുത്തർക്കും ചെലവായ തുക ഇനം തിരിച്ച് വ്യക്തമാക്കമോ;

(ഇ) മേൽ ഉദ്യോഗസ്ഥരെല്ലാം യാത്രകൾ ചെയ്തത് സർക്കാർ അനുമതിയോടെയാണോ; ഇതു സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാർ അനുമതികളുടെ/ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളുടെ എണ്ണം</u>

2826 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13 എന്നീ വർഷങ്ങളിൽ കേരളത്തിലെത്തിയ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ, അതിന്റെ കാരണമെന്തെന്നു വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സ്വദേശ-വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്കാകർഷിക്കുന്നതിന് എന്തൊക്കെ നടപടികളാണു സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.01.2014–ലെ മറുപടിക്ക്

<u>ടൂറിസം പ്രൊമോഷൻ ബോർഡ്</u>

2827 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, പി. ശ്രീരാമകൃഷ്ണൻ
,, പി.റ്റി.എ. റഹീം
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം പ്രൊമോഷൻ ബോർഡിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) ടൂറിസം പ്രൊമോഷൻ ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) 2013–14 ൽ ബജറ്റിൽ നീക്കിവച്ചിരുന്ന തുക എത്രയായിരുന്നുവെന്നും അതിൽ എത്ര തുക വിനിയോഗിച്ചെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് പുതിയ പദ്ധതികൾ</u>

2828 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് ഈ സർക്കാർ നടപ്പാക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ അന്തർദേശീയ നിലവാരത്തിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

ജനപങ്കാളിത്തത്തോടെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം

2829 ശ്രീ. കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, വി. റ്റി. ബൽറാം
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം തരത്തിലുള്ള പങ്കാളിത്തമാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ടൂറിസം വകുപ്പിന്റെ വെബ്സൈറ്റ് നവീകരണം</u>

2830 ശ്രീ. അൻവർ സാദത്ത്
,, വി. ഡി. സതീശൻ
,, പാലോട് രവി
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ വെബ്സൈറ്റ് നവീകരിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് നവീകരണം വഴി വെബ്സൈറ്റിലൂടെ ലഭിക്കുന്നതെന്നു വിശദമാക്കുമോ;

(സി) എത്ര ഭാഷകളിലാണു വെബ്സൈറ്റുകൾ ലഭ്യമാക്കുന്നതെന്നു വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ വിനോദസഞ്ചാരവളർച്ചയ്ക്ക് വെബ്സൈറ്റ് നവീകരണം എത്രമാത്രം സഹായകരമാകുമെന്നാണു കരുതുന്നത്; വിശദാംശങ്ങൾ നൽകാമോ?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

<u>ഏജ് ഹാൾട്ട് പദ്ധതി</u>

2831 ശ്രീ. ഹൈബി ഈഡൻ
,, റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. ടി. ഡി. സി. ഏജ് ഹാൾട്ട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) വിദേശ ടൂറിസ്റ്റുകൾക്ക് ആയുർവേദ ചികിൽസാ സൗകര്യം ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

<u>ബാക്ക് വാട്ടർ മെഗാ ടൂറിസം സർക്ക്യൂട്ട് പദ്ധതി</u>

2832 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ ബാക്ക് വാട്ടർ മെഗാ ടൂറിസം സർക്ക്യൂട്ട് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയുടെ കീഴിൽ ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) അനുയോജ്യമായ എല്ലാ സ്ഥലങ്ങളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

മലബാർ മേഖലയിലെ ടൂറിസം വികസനം

2833 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ ടൂറിസം വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ;

(ബി) അതിനായി എന്തെല്ലാം പ്രത്യേക പദ്ധതികൾ നടപ്പിലാക്കി;

(സി) മലബാർ മേഖലയുടെ ടൂറിസം വികസനപദ്ധതികൾക്കായി 2012-13 വർഷത്തിൽ എത്ര തുക വകയിരുത്തി; എത്ര ചെലവഴിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

ടൂറിസം കോ–ഓപ്പറേറ്റീവ് സൊസൈറ്റി

2834 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം കോ–ഓപ്പറേറ്റീവ് സൊസൈറ്റികളെ ടൂറിസം വികസനത്തിന്റെ ഭാഗമാക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ടൂറിസം മേഖലയിലെ ഇടത്തട്ടുകാരുടെ ചൂഷണം തടയുന്നതിനും തദ്ദേശീയർക്ക് ടൂറിസം വികസനത്തിൽ പങ്കാളികളാകുന്നതിനും സൊസൈറ്റികളുടെ ഇടപെടൽ ഗുണകരമാകുമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ;

(സി) ടൂറിസം മേഖലയിൽ സൊസൈറ്റികളെ ഉൾപ്പെടുത്തി അതതു പ്രദേശത്തിന്റെ സാംസ്കാരിക തനിമ നിലനിർത്തിയും തനതായ വികസനം ലക്ഷ്യമാക്കിയും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>ആലപ്പുഴ മെഗാ ടൂറിസം പദ്ധതി</u>

2835 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഗാ ടൂറിസം പദ്ധതിയ്ക്ക് എന്നാണ് ഭരണാനുമതി നൽകിയത്; ഇതിന്റെ അടങ്കൽ തുക എത്രയാണ്;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായോ; നിർമ്മാണ പ്രവർത്തനം ആരംഭിച്ചോ;

(സി) ആരാണ് കരാറുകാരൻ; പദ്ധതി എന്നുകൊണ്ട് പൂർത്തിയാകുമെന്ന് അറിയിക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ആലപ്പുഴ സർക്യൂട്ട് ടൂറിസം പ്രോജക്ട്

2836 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സർക്യൂട്ട് ടൂറിസം പ്രോജക്ടിൽ അരൂർ മണ്ഡലത്തിലും ചേർത്തലയുടെ ഭാഗങ്ങളിലുമായി ടൂറിസം കേന്ദ്രങ്ങൾ ഏത് നിലയിൽ വികസിപ്പിക്കണമെന്നുള്ള വിശദമായ അരൂർ സർക്യൂട്ട് ടൂറിസം പ്രോജക്ട് ഡോ.മുരളീമേനോൻ എന്ന പ്രശസ്തനായ പ്രോജക്ട് കൺസൾട്ടിനെകൊണ്ട് തയ്യാറാക്കി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതു പ്രകാരം അരൂകുറ്റി, തഴുപ്പ്, കാക്കത്തുരുത്ത് എന്നിവിടങ്ങളിലെ പ്രോജക്ടുകൾ അംഗീകരിക്കുന്നതായി പ്രഖ്യാപിച്ചുവെങ്കിലും കാക്കത്തുരുത്ത് പ്രോജക്ട് എന്തുകൊണ്ടാണ് ഉപേക്ഷിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) അരൂകുറ്റിയിലെ ഹൗസ് ബോട്ട് ടെർമിനൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന് എക്സൈസ് വകുപ്പിൽ നിന്ന് പെർമിസീവ് സാങ്ഷൻ നേടിയെടുക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ലൈറ്റ് ഹൗസ്</u>

2837 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആലപ്പുഴ ലൈറ്റ് ഹൗസിനെ പ്രത്യേക ടൂറിസം പദ്ധതിയില്‍ ഉള്‍പ്പെടുത്തുമെന്ന് കേന്ദ്രമന്ത്രി പ്രഖ്യാപിച്ചിരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ടൂറിസം കേന്ദ്രമായി വികസിപ്പിക്കാന്‍ കേന്ദ്രസര്‍ക്കാര്‍ തെരഞ്ഞെടുത്ത 14 ലൈറ്റ് ഹൗസുകളുടെ പട്ടികയില്‍ ആലപ്പുഴ ലൈറ്റ് ഹൗസ് ഉള്‍പ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കില്‍, അതിനുള്ള കാരണമെന്തെന്നു വ്യക്തമാക്കുമോ;

(സി) ആലപ്പുഴ ലൈറ്റ് ഹൗസിന്റെ വികസനത്തിനായി ഇതിനോടുചേര്‍ന്ന് തുറമുഖവകുപ്പിനുകീഴിലുള്ള സ്ഥലം വിട്ടുനല്‍കണമെന്നാവശ്യപ്പെട്ട് ലൈറ്റ് ഹൗസ് ആന്‍ഡ് ലൈറ്റ് ഷിപ്സ് ഡയറക്ടറേറ്റ് കത്ത് നല്‍കിയിട്ടുണ്ടോ; എങ്കില്‍, തുറമുഖവകുപ്പിന്റെ മറുപടി ലഭിച്ചുവോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കാരാപ്പുഴ വിനോദസഞ്ചാര പദ്ധതി</u>

2838 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരാപ്പുഴ വിനോദസഞ്ചാര പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ, നടപ്പു സാമ്പത്തിക വർഷത്തെ ഭൗതിക ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിക്കാനായെന്ന് വ്യക്തമാക്കുമോ;

(ഡി) അടുത്ത സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും ബഡ്ജറ്റ് വിഹിതം എത്രയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ ടൂറിസം പദ്ധതികൾ</u>

2839 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തികവർഷത്തിൽ പാലക്കാട് ജില്ലയിൽ എത്ര ടൂറിസം പ്രോജക്റ്റുകളാണ് ഏറ്റെടുത്തതെന്ന വിവരം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിലുള്ള എല്ലാ പ്രോജക്റ്റുകളുടെയും പ്രവർത്തനപുരോഗതിയുടെ വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിൽ എത്ര പദ്ധതികൾക്ക് ഫോറസ്റ്റ് ക്ലിയറൻസ് വാങ്ങിയെടുക്കുവാനുണ്ട്; ഇതിനായി ടൂറിസം-വനം മന്ത്രിമാർ സംയുക്ത മീറ്റിംഗ് നടത്തിയിട്ടുണ്ടോ;

(ഡി) വനംവകുപ്പിന്റെ പെർമിസ്സീവ് സാങ്ഷന്റെ കാര്യത്തിൽപ്പോലും കേന്ദ്രവനംവകുപ്പിന്റെ അനുമതി വേണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ആയതു പരിഹരിക്കുന്നതിനായി സത്വരനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>കക്കയം – പെരുവണ്ണാമുഴി ടൂറിസം വികസന പദ്ധതി</u>

2840 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന കക്കയം–പെരുവണ്ണാമുഴി ടൂറിസം വികസന പദ്ധതിയുടെ പ്രധാന പ്രവൃത്തികൾ എന്തൊക്കെയാണ്;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണ്;

(സി) ഓരോ പ്രവൃത്തിയും ഇപ്പോൾ നിർവ്വഹണത്തിന്റെ ഏതേത് ഘട്ടങ്ങളിലാണ്;

(ഡി) നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

<u>ഇക്കോ ടൂറിസം പദ്ധതി</u>

T.2841

ശ്രീ. പി. എ. മാധവൻ
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇക്കോ ടൂറിസം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) വനങ്ങളിലും സംരക്ഷിത പ്രദേശങ്ങളിലും സംയുക്ത വനപരിപാലനത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

റാണീപുരം ഇക്കോ–ടൂറിസം പദ്ധതി

2842 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാണീപുരം ഇക്കോ–ടൂറിസം പദ്ധതിയുടെ പൂർത്തീകരണത്തിന് എത്ര കോടി രൂപയാണു ചെലവഴിച്ചത്;

(ബി) എന്നാണു പദ്ധതിനിർമ്മാണത്തിനു തുടക്കമിട്ടതെന്നും, എത്ര വർഷംകൊണ്ടാണു പദ്ധതി പൂർത്തിയായതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുതപദ്ധതി ഇപ്പോൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ, കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് വീരമലക്കുന്ന് ടൂറിസം പദ്ധതി</u>

2843 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വീരമലക്കുന്ന് കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി ആരംഭിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച് 2 വർഷം കഴിഞ്ഞിട്ടും യാതൊരു പദ്ധതിയും ആരംഭിക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>കാലടി–മലയാറ്റൂർ–അതിരപ്പിള്ളി ടൂറിസം സർക്യൂട്ട്</u>

2844 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലടി–മലയാറ്റൂർ–അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഇതു എന്നത്തേയ്ക്ക് സമർപ്പിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>ആദിച്ചനെല്ലൂർ ചിറ ടൂറിസം വികസനം</u>

2845 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആദിച്ചനെല്ലൂർ ചിറയുമായി ബന്ധപ്പെട്ട ടൂറിസം വികസനത്തിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

തൃക്കരിപ്പൂരിലെ ടൂറിസം ഫെസിലിറ്റേഷൻ സെന്റർ

2846 ശ്രീ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്നചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാർ, കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിലെ ആയിറ്റിയിലും, ഇടയിലക്കാടും നിർമ്മിച്ച ടൂറിസം ഫെസിലിറ്റേഷൻ സെന്ററും ബോട്ട് ടെർമിനലും ആരും ഉപയോഗിക്കാതെ തീർത്തും നാശത്തിന്റെ വക്കിലായ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതുപുനരുജ്ജീവിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ടൂറിസം ക്ലബുകൾ</u>

2847 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം ക്ലബുകൾ പുനരുദ്ജീവിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) രജിസ്റ്റർ ചെയ്യപ്പെട്ട എത്ര ടൂറിസം ക്ലബുകൾ ഉണ്ട്; എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കിളിമാനൂർ കൊട്ടാരവും രാജാ രവിവർമ്മ സ്മാരകവുമുൾപ്പെടുന്ന വിനോദസഞ്ചാരപദ്ധതി</u>

2848 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ കൊട്ടാരവും രാജാ രവിവർമ്മ സ്മാരകവുമുൾപ്പെടുന്ന പ്രദേശം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട ശുപാർശ ലഭിച്ചിട്ടുണ്ടോ;

(ബി) ഇങ്ങനെയൊരു ടൂറിസം പദ്ധതി പരിഗണനയിലുണ്ടോ;

(സി) എങ്കിൽ, അതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>പെരുമ്പാവൂർ പാലക്കാട്ട് താഴംപാലം കവല സൗന്ദര്യവൽക്കരണം</u>

2849 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ പാലക്കാട്ട് താഴംപാലം കവല സൗന്ദര്യവൽക്കരിക്കുന്ന കാര്യം വിനോദസഞ്ചാര വകുപ്പിന്റെ പരിഗണനയിലുണ്ടോ ;

(ബി) സൗന്ദര്യവൽക്കരണവും പേ ആന്റ് യൂസ് ടോയ്‌ലറ്റ് സ്ഥാപിക്കലും സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) പദ്ധതി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>നാട്ടിക 'സ്നേഹതീരം' ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി</u>

2850 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക 'സ്നേഹതീരം' ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പരാതിയിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഡെസ്റ്റിനേഷൻ കമ്മിറ്റി ചെയർമാനായ സ്ഥലം എം.എൽ.എ യോട്, ഡി.എം.സി നിശ്ചയിക്കുമ്പോൾ ആലോചിക്കാറുണ്ടോ;

(ഡി) സ്ഥലം എം.എൽ.എ യുടെ അഭിപ്രായങ്ങൾ കൂടി മാനിച്ചുകൊണ്ട്, നാട്ടിക 'സ്നേഹതീരം' ഡി.എം.സി പുന:സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം-കാസർഗോഡ് കപ്പൽ സർവ്വീസ്</u>

2851 ശ്രീ.എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തു നിന്ന് കാസർഗോഡ് വരെയും തിരിച്ചും കപ്പൽ യാത്രക്കായി കപ്പൽ സർവ്വീസ് തുടങ്ങുന്നകാര്യം പരിഗണിക്കുമോ;

(ബി) പ്രസ്തുത സർവ്വീസ് തുടങ്ങുന്ന കാര്യം വിശദമായി പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ടൂറിസം ഡയറക്ടറേറ്റിന് നിർദ്ദേശം നൽകുമോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>വിദേശ വിനോദസഞ്ചാരികൾ</u>

2852 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരി മുതൽ 2013 ഡിസംബർ വരെ എത്ര വിദേശ വിനോദസഞ്ചാരികളാണ് എത്തിയതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഏറ്റവും കൂടുതൽ വിദേശ ടൂറിസ്റ്റുകൾ വന്നത് ഏതു രാജ്യത്തു നിന്നാണെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി ഡാം

2853 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി ഡാമിൽ ഇക്കോ ടൂറിസം പദ്ധതി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്നിട്ടും ഡാം സൈറ്റിലേക്ക് കടക്കുന്നതിന് വനം വകുപ്പ് ഫീസ് ഏർപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അമിതമായ ഈ പിരിവ് നിറുത്തി വയ്ക്കുവാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി ഡാം രണ്ടാം ഘട്ട പദ്ധതി

2854 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി ഡാം ഇക്കോ ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണ് തടസ്സം എന്ന് വിശദമാക്കാമോ;

(സി) തടസ്സം നീക്കി പണി എന്നാരംഭിക്കാനാകും; വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ബി.ആർ.ഡി.സി. ക്കു വേണ്ടി അക്വയർ ചെയ്ത ഭൂമി

2855 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി.ആർ.ഡി.സി ക്കു വേണ്ടി എത്ര ഏക്കർ ഭൂമിയാണ് അക്വയർ ചെയ്തിട്ടുള്ളത്; എത്ര ഏക്കർ സർക്കാർ ഭൂമി യാണ് നീക്കി വെച്ചിട്ടുള്ളത്;

(ബി) വിവിധ റിസോർട്ടുകൾക്കായി എത്ര ഏക്കർ ഭൂമി വീത മാണ് ലീസിന് നൽകിയിട്ടുള്ളത്;

(സി) എത്ര തുകയാണ് പാട്ടക്കുടിശ്ശികയായി സർക്കാരിന് ലഭിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(ഡി) ബേക്കൽ ടൂറിസത്തോട് ചേർന്നു കിടക്കുന്ന കാഞ്ഞ ങ്ങാട് നഗരസഭയെയും ബി.ആർ.ഡി.സി. യുടെ പരി ധിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ധര്‍മ്മടം നിയോജകമണ്ഡലത്തില്‍ കിറ്റ്സിന് വേണ്ടിയുള്ള കെട്ടിടനിര്‍മ്മാണം</u>

2856 ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ധര്‍മ്മടം നിയോജകമണ്ഡലത്തില്‍, കിറ്റ്സിനുവേണ്ടിയുള്ള കെട്ടിടനിര്‍മ്മാണം തടസ്സപ്പെട്ടത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഇതിന്റെ പ്രവൃത്തി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരന്‍,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജനുവരി 18.

<u>**പ്രത്യേക ശ്രദ്ധയ്ക്ക്**</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയില്‍ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റില്‍ ലഭ്യമാക്കേണ്ടതാണ്.[ചട്ടം 47(1)].

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.